(ബി) 1. അങ്ങാടിപ്പുറം-പരിയാപുരം-ചെറുകര റോഡ് 23-2-2000 ന്

2. മലപ്പുറം-പാപ്പനങ്ങാടി റോഡ്. 9-12-1998 ന്

3. സ്രായിൽക്കടവ് പാലം 6-1-2000 ന്

(സി) 1. അങ്ങാടിപ്പുറം-പരിയാപുരം-ചെറുകരറോഡിന്റെ നിർമ്മാണം തുടങ്ങിയിട്ടില്ല. ഇതിന്റെ പ്രീക്വാളിഫിക്കേഷൻ ടെന്റർ ലഭിക്കേണ്ട അവസാന തീയതി 23-2-2000 ആണ്

2. മലപ്പുറം-പാപ്പനങ്ങാടി റോഡിന്റെ പണി പുരോഗതിയിലാണ്.

3. സ്രായിൽക്കടവ് പാലത്തിന്റെ പണി തുടങ്ങിയിട്ടില്ല. വർക്ക് ഓർഡർ കൊടുത്തിട്ടുണ്ട്. എഗ്രിമെന്റ് വച്ചിട്ടില്ല.

(ഡി) 1. അങ്ങാടിപ്പുറം-ചെറുകര റോഡിന്റെ പണി തുടങ്ങിക്കഴിഞ്ഞാൽ 18 മാസത്തിനകം പണി പൂർത്തിയാക്കാവുന്നതാണ്.

2. മലപ്പുറം-പാപ്പനങ്ങാടി റോഡിന്റെ പണി 31-3-2000-ൽ തീരുന്നതാണ്.

3. പണി തുടങ്ങി 18 മാസംകൊണ്ട് പൂർത്തിയാക്കാവുന്നതാണ്.

റോഡുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് നിലവിലുള്ള സംവിധാനം

43 (1286) ശ്രീ. പി. രാഘവൻ :
ശ്രീ. എ. അലിഹസ്സൻ :
ശ്രീ. എളമരം കരീം :
ശ്രീ. ലോനപ്പൻനമ്പാടൻ :
ശ്രീ. പി. കെ. കുമാരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റോഡുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് നിലവിലുള്ള സംവിധാനം എന്തൊക്കെ എന്ന് വ്യക്തമാക്കുമോ ;

(ബി) റോഡുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനായി മൊബൈൽ സർവ്വീസ് യൂണിറ്റുകൾ നിലവിലുണ്ടോ ;

(സി) എങ്കിൽ ഏതൊക്കെ പ്രദേശങ്ങളിലാണ് മൊബൈൽ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) കൂടുതൽ മൊബൈൽ സർവ്വീസ് യൂണിറ്റുകൾ ആരംഭിക്കാൻ ഉദ്ദേശമുണ്ടോ ;

(ഇ) എങ്കിൽ ഏതൊക്കെ പ്രദേശങ്ങളിലാണ് മൊബൈൽ സർവ്വീസ് യൂണിറ്റുകൾ പുതുതായി ആരംഭിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) സംസ്ഥാനത്തെ റോഡുകൾക്ക് ശക്തിക്ഷയമുണ്ടാകും വിധമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ തടയുന്നതിന് എന്തൊക്കെ നടപടി ആണ് സ്വീകരിച്ചു വരുന്നതെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അതത് കൊല്ലങ്ങളിലെ ബഡ്ജറ്റിൽ അറ്റകുറ്റപ്പണികൾക്കായി അനുവദിക്കുന്ന തുക ഓരോ റോഡ്സ് ഡിവിഷനും വീതിച്ച് കൊടുക്കുകയും ആ തുകയ്ക്കുള്ള പണികൾ ഏറ്റെടുത്ത് നടത്തി വരികയുമാണ് ചെയ്യുന്നത്. കൂടാതെ റിന്യൂവൽ പ്രോഗ്രാം, സ്പെഷ്യൽ റിപ്പയേർസ്, ഫ്ളഡ് ഡാമേജ്, ചീഫ് എൻജിനീയറുടെ അടങ്കൽ തുകയിൽ ചാർജ്ജ് ചെയ്യുന്ന പണികൾ, ട്രാഫിക് സേഫ്ടി വർക്ക്സ് എന്നീ ഹെഡുകളിലും പണികൾ നടത്തി വരുന്നുണ്ട്. സംസ്ഥാനത്തെ ദേശീയപാതകളിലെ അറ്റകുറ്റപ്പണികൾ കേന്ദ്ര ഉപരിതല ഗതാഗതവകുപ്പിൽ നിന്നും അനുവദിക്കുന്ന ഫണ്ടിൽ നിന്നാണ് ചെയ്യുന്നത്. എല്ലാ വർഷവും ഇതിലേക്ക് ആവശ്യമായ തുകയും മറ്റ് വിവരങ്ങളും തയ്യാറാക്കി കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന് അയച്ചു കൊടുക്കുകയും പ്രസ്തുത വകുപ്പ് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് അനുസൃതമായി സാധാരണ അറ്റകുറ്റപ്പണികൾ, പീരിയോഡിക്കൽ റിന്യൂവൽ, സ്പെഷ്യൽ റിപ്പയർ എന്നീ ഇനങ്ങളിലായി ഫണ്ട് അനുവദിക്കുകയും ചെയ്യുന്നു. ഈ ഫണ്ടുപയോഗിച്ച് ദർഘാസുകൾ ക്ഷണിച്ച് കരാറുകൾ മുഖാന്തിരം ജോലികൾ ചെയ്യിക്കുന്നു.

(ബി) ഉണ്ട്.

(സി) കോഴിക്കോട്, തൃശ്ശൂർ, കൊല്ലം എന്നീ റോഡ്സ് ഡിവിഷനുകളിലാണ് മൊബൈൽ യൂണിറ്റുകൾ നിലവിലുള്ളത്.

(ഡി&ഇ) കൂടുതൽ മൊബൈൽ സർവ്വീസ് യൂണിറ്റുകൾ ആരംഭിക്കാൻ തൽക്കാലം ഉദ്ദേശിക്കുന്നില്ല.

(എഫ്) സംസ്ഥാനത്തെ റോഡുകളുടെ സംരക്ഷണത്തിനായി കേരളാ ഹൈവേ പ്രൊട്ടക്ഷൻ ആക്ട്, 1999 പാസ്സാക്കിയിട്ടുണ്ട്. അനധികൃത കയ്യേറ്റങ്ങൾ തടയുന്നതിനുള്ള വകുപ്പുകളും പ്രസ്തുത നിയമത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

അഴൂർകടവ് പാലം പണി

44 (1287) ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽപ്പെട്ട അഴൂർകടവ് പാലം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു നിലയിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പാലം പണി എന്നാരംഭിക്കുമെന്നാണ് ഗവൺമെന്റ് വാഗ്ദാനം ചെയ്തിരുന്നതെന്ന് വെളിപ്പെടുത്താമോ ;

(സി) വാഗ്ദാനം പാലിക്കാത്തതിന്റെ കാരണം വെളിപ്പെടുത്തുമോ ;

(ഡി) അഴൂർകടവ് പാലം പണിയുന്നതിന് നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ എന്തു തുക നീക്കി വച്ചിട്ടുണ്ട് ;

(ഇ) ഈ പാലം പണി സംബന്ധിച്ച നടപടികളുമായി മുന്നോട്ടു പോകേണ്ടതില്ലെന്ന് എൻ.എച്ച്. വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly